## ഏറ്റവും ചെറു നാണയ കൂട്ടായ്മ 2025

ക്രിസ്തുവിന്റെ സൗഖ്യം നൽകുന്ന സമാധാനം ലോകത്തിൽ പങ്കിടുക

**ആരാധനക്രമം**

ഈ ആരാധനക്രമം ഏറ്റവും ചെറുനാണയത്തിന്റെ കൂട്ടായ്മയുടെ അന്താരാഷ്ട്ര കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്ന ഒരു ആരാധന സഹായിയാണ്. പള്ളികൾക്കും മറ്റു സ്ത്രീകളുടെ ഗ്രൂപ്പുകൾക്കും അവരവരുടേതായ പാട്ടുകളും മറ്റു പ്രവർത്തനങ്ങളും (നാടകം, ദൂത്, അവതരണം, ചെറിയ ഗ്രൂപ്പ് ചർച്ച) ഉൾപ്പെടുത്താൻ സാധിക്കും. ഈ ആരാധനയിൽ വിവിധ ലീഡേഴ്സിനും പല ശബ്ദങ്ങൾക്കും വ്യാപകമായി പങ്കെടുക്കുവാൻ അവസരമുണ്ട്..

സെപ്റ്റംബർ മാസത്തിൽ ഏറ്റവും ചെറു നാണയത്തിന്റെ കൂട്ടായ ആരാധന നടത്തുവാനായി ഈ ആരാധനക്രമം എല്ലാ വർഷവും ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നു. നമ്മുടെ റീജിയണൽ എക്യൂമെനിക്കൽ ഗ്രൂപ്പുകൾക്കും, സ്ത്രീജന ഗ്രൂപ്പുകൾക്കും, മറ്റു പ്രാദേശിക സഭകൾക്കും അവരവരുടെ ആവശ്യമനുസരിച്ചു വർഷത്തിൽ മുഴുവൻ ഒത്തുകൂടി ആരാധന നടത്താവുന്നതാണ് .

ഈ വർഷത്തേയ്ക്കായി തിരഞ്ഞെടുത്തിരിയ്ക്കുന്ന വിഷയം 'ക്രിസ്തുവിന്റെ സൗഖ്യം നൽകുന്ന സമാധാനം ലോകത്തിൽ പങ്കിടുക' എന്നതാണ് .

പരിസ്ഥിതി സംബന്ധമായ പ്രതിസന്ധി, യുദ്ധങ്ങളും ഏറ്റുമുട്ടലുകളും, സ്ത്രീഹത്യ എന്നി മൂന്നു പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്, ഈ വിഷയത്തിൽകൂടി നാം ചിന്തിയ്ക്കുന്നത്. കഷ്ടപ്പെടുന്നവരുടെ, പ്രത്യേകിച്ച മന:പൂർവ്വം നിശ്ശബ്ദമാക്കപ്പെട്ടവർ, പ്രകൃതിയെയും മൃഗങ്ങളെയും പോലെ അവരവർക്കു വേണ്ടി സംസാരിയ്ക്കാൻ കഴിയാത്തവർ എന്നിവരുടെ കരച്ചിൽ കേൾക്കുവാനാണ് നാം വിളിക്കപ്പെട്ടിരിയ്ക്കുന്നത്. അവ കേൾക്കുവാനും, ശ്രദ്ധിക്കുവാനും ദൈവാത്മാവിന്റെ നേതൃത്വത്തിലേയ്ക്ക് നമ്മെത്തന്നെ സമർപ്പിയ്ക്കുവാനുമായി നമുക്ക് സ്വസ്ഥമായ ഇടങ്ങൾ ആവശ്യമാണ് .

ഐ.സി.എഫ്.എൽ.സി, നിങ്ങളുടെ കൂട്ടായ്മയുടെയും, ആരാധനയുടെയും, പ്രതികരണം സ്വന്തം അനുഭവങ്ങൾ, കഥകൾ, ആരാധനയുടെ ഫോട്ടോകൾ ഇവ ലഭിക്കുവാൻ ആഗ്രഹിയ്ക്കുന്നു. നിങ്ങളുടെ പ്രതികരണം താഴെക്കൊടുത്തിരിക്കുന്ന ഇ മെയിലിൽ അയയ്ക്കുക.

icflcph@gmail.com

നിങ്ങളുടെ ആരാധന അർത്ഥവത്തായതും പ്രചോദന പൂർവ്വവും, ബോധവത്കരണം നൽകുന്നതുമായ ഒരു അനുഭവം ആയിരിക്കട്ടെ.

**നിശ്ശബ്ദ നിമിഷങ്ങൾ :**

**സ്വാഗതം, ആശംസ :**

സ്വാഗത പ്രസംഗത്തിനുശേഷം ജനങ്ങൾ തമ്മിൽ തമ്മിൽ ആശംസിയ്ക്കുകയും സ്വീക രിക്കുകയും ചെയ്യുക.

**<u>പ്രെസ്ബിറ്റർ :</u>**

ഏറ്റവും ചെറുനാണയത്തിന്റെ കൂട്ടായ്മ എല്ലാവർഷവും ഒരു തിരഞ്ഞെടുത്ത വിഷയത്തോടുകൂടി സാധരണ സെപ്റ്റംബർ മാസത്തിലാണ് നാം ആചരിയ്ക്കുന്നത്. ഓരോരുത്തരും അവർ ശേഖരിച്ച ഏറ്റവും ചെറുനാണയം അർപ്പിയ്ക്കുവാനുള്ള സമയവും ഇതാണ് . പിന്നീട് പ്രാദേശിക എം. എൽ . സി. ഗ്രൂപ്പിന് ഇത് സമർപ്പിയ്ക്കും. ദൈവത്തോടും നാം തമ്മിൽ തമ്മിലും ഏറ്റവും ചെറുനാണയത്തിന്റെ കൂട്ടായ്മയിലൂടെ നീതി, സമാധാനം അനുരഞ്ജനം ഇവ ഉള്ള ഒരു ലോകത്തിലേയ്ക്കുള്ള നമ്മുടെ സമർപ്പണം ഓർക്കുവാനും, ആദരിയ്ക്കുവാനും ഉള്ള_വഴിയാണ്.

**<u>നിശ്ശബ്ദനിമിഷങ്ങൾ</u>**

**<u>പ്രെസ്ബിറ്റർ</u>**

ജീവനുള്ള ദൈവത്തിങ്കലേയ്ക്ക് വരിക.
പാപങ്ങളുടെ കൂടെ നിൽക്കുവാൻ വരിക.
സ്വാതന്ത്ര്യത്തിനായി കഷ്ടപ്പെടുന്നവരുടെ കൂടെ വരിക.
ദൈവനീതിയ്ക്ക് വിരോധം നില്കുവാനായി വരിക.
ജീവിക്കുന്ന ദൈവത്തിങ്കലേയ്ക്കു വരിക.

**<u>നിശ്ശബ്ദനിമിഷങ്ങൾ</u>**

(ക്രിസ്തുവിന്റെ കേൾക്കുന്ന സാന്നിദ്ധ്യത്തെ പ്രതിനിധീകരിച്ച് മെഴുകുതിരി കത്തിക്കുക.)

**<u>ദുരിതങ്ങളുടെയും വിലാപത്തിന്റെയും ലിത്താനി</u>**

**<u>പ്രെസ്ബിറ്റർ</u>**

അക്രമത്തിൽനിന്നും രക്ഷപെടാൻ ഞാൻ എവിടേക്കു പോകും ?

ശബ്ദം 1 : ഞാൻ മാനിലയിൽ പോയാൽ എല്ലായിടത്തും അക്രമമാണ്, തനത് ജനങ്ങളെ കൊല്ലുന്നു.

ശബ്ദം 2 : ഞാൻ ജോഹന്നാസ് ബർഗിൽ ചെന്നാൽ അവിടുത്തെ പട്ടണങ്ങളിലെ, സൗത്ത് ആഫ്രിക്കയിലെ ആത്മാക്കളെ അക്രമം വിഴുങ്ങികളയുന്നു .

ശബ്ദം 3 : ഞാൻ മിനിയാപൊലിസ്, ലൂയിവിൽ അല്ലെങ്കിൽ റയോ ഡി ജനേറിയോയിൽ പോയാൽ തെരുവുകളിലെ രക്തം നമ്മുടെ കണ്ണുകളെ പരവശരാക്കുന്നു .

ശബ്ദം 4 : ഞാൻ ജമൈക്കായിൽ പോയാൽ ഉപേക്ഷിയ്ക്കപ്പെട്ട ജനങ്ങളുടെ മേലുള്ള അക്രമം നമ്മുടെ പരിധിയ്ക്ക് അപ്പുറമാണ്.

ശബ്ദം 5 : ഞാൻ യൂറോപ്പിൽ പോയാൽ തിരിച്ചു പോകുന്ന അഭയാർത്ഥികളുടെ അക്രമം അവരുടെ കേവലം നിരാശ വ്യക്തമാകുന്നു.

**<u>പ്രെസ്ബിറ്റർ</u>**

ഇവിടെയുള്ള ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള അക്രമം കാണുകയോ അനുഭവിയ്ക്കുകയോ ചെയ്തിട്ടുണ്ടങ്കിൽ അവരുടെ അനുഭവം പങ്കുവെയ്ക്കുവാൻ ഞാൻ അവരെ ക്ഷണിയ്ക്കുന്നു.

**<u>നിശ്ശബ്ദ നിമിഷങ്ങൾ</u>**

**ജനം :**

ഈ സ്ഥലങ്ങളിൽ നമുക്ക് എങ്ങനെ പ്രാർത്ഥിയ്ക്കാം? ഒന്നും പറയാനില്ല എന്നു അനുഭവപ്പെടുകയും എന്നാൽ എല്ലാം പഠിയ്ക്കുകയും വിശകലനം ചെയ്യുകയും വിശദികരിയ്ക്കുകയും ചെയ്യേണ്ട സാഹചര്യങ്ങളിൽ നമുക്ക് എങ്ങനെ പ്രാർത്ഥിയ്ക്കാം ?

**<u>പ്രെസ്ബിറ്റർ</u>**

അക്രമം അധികമായിരിക്കുന്ന സ്ഥലങ്ങളിൽ പോകുന്നത് ഈ ചോദ്യം ചോദിയ്ക്കുവാനാണ്, ‘‘അവിടെ ഒരു ദൈവം ഉണ്ടായിരിക്കണോ?’’ അവിടെ പോയി പ്രാർത്ഥിക്കുന്നത് ജീവിതത്തിന്റെ അസംബന്ധം നേരിടാനും, ആ സാഹചര്യങ്ങളിൽ ജീവിയ്ക്കുന്ന ആളുകളുടെ പ്രതിരോധ ശേഷി കണ്ടു മനസ്സിലാക്കുവാനുമാണ് . (കുറിപ്പ് : ജനങ്ങളെ അവരുടെ ദുരിതങ്ങളും, സങ്കടങ്ങളും പങ്കിടുവാൻ ഇവിടെ ക്ഷണിയ്ക്കാം).

**<u>നിശ്ശബ്ദ നിമിഷങ്ങൾ</u>**

**<u>ധ്യാനത്തിനുള്ള പാട്ട്</u>**

Cry of Ramah by Colleen Fulmer
(Click link in You Tube)

**<u>നിശ്ശബ്ദ നിമിഷങ്ങൾ</u>**
**<u>മരിയാ പ്യൂബ്ലൊ ( Maria Pueblo)</u>**

(ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്__)
ഞാൻ മരിയാ പ്യൂബ്ലൊ

ലോകത്തിലെ എല്ലാ ആൺ പെൺ കുട്ടികളും ചേർന്ന്

ഈ ഭൂമിയിൽ സ്വർഗ്ഗം അനുഭവിക്കുവാൻ ആഗ്രഹിയ്ക്കുന്നു.
ഞാൻ വളരെ ദൂരം സഞ്ചരിച്ചു

സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടായി
ജനങ്ങളുടെ നൃത്തവും , പാട്ടും വാദ്യങ്ങളും കൂട്ടിയിണങ്ങുന്ന ചരടായി.
കുട്ടികൾ പാടുകയും കാട് മൂളുകയും ചെയുന്ന സംഗീതം ഞാനായിരുന്നു.
സ്വാതന്ത്ര്യത്തിനായി കൊതിയ്ക്കുന്ന പാട്ടുകൾക്ക് പ്രാസം നൽകുന്ന നൃത്തം ഞാനായിരുന്നു.
എനിയ്ക്ക് വിശക്കുന്നു, ദാരിദ്ര്യം മൂലം ഞാൻ അപമാനിക്കപ്പെട്ടു.
എനിയ്ക്ക് ദാഹിയ്ക്കുന്നു, ചേരികളിൽ ഉറവുകൾ പൊട്ടുന്നതിനായി ഞാൻ ആശിക്കുന്നു.
എനിക്ക് ജോലി നഷ്ടപ്പെട്ടു.
എന്തുകൊണ്ടാണ് എനിയ്ക്ക് ഭൂമി ഇല്ലാത്തതെന്ന് കുട്ടികളോട് വിശദീകരിയ്ക്കുവാൻ പറ്റുന്നില്ല.
സ്വർണ്ണധാന്യങ്ങൾ ഒരിയ്ക്കലും എനിയ്ക്കുണ്ടായിരുന്നില്ല.
ജന്മിയുടെ വൃക്ഷങ്ങളിൽനിന്നും മാങ്ങപറിച്ചതിനു ഞാൻ ജയിലിൽ ആയിരുന്നു.
നിയമപ്രകാരം ഞാൻ ഒരു നിയമവിരുദ്ധ കുടിയേറ്റകാരൻ ആണ്.
ഞാൻ ജയിലിൽ അടയ്ക്കപ്പെട്ടു, ഉപദ്രവിക്കപ്പെട്ടു കൊല്ലപ്പെടുന്നതിന്റെ വക്കിലെത്തി.
നീതിയ്ക്കുവേണ്ടി ശബ്ദം ഉയർത്തിയതിനാൽ ഞാൻ ഇതു സഹിയ്ക്കേണ്ടിവന്നു.
എന്റെ രക്തബന്ധുക്കളല്ലാത്തവരുടെ ശവസംകാരത്തിന് ഞാൻ പോയിടുണ്ട്.
ആൺ പെൺ മക്കൾ നിയമ വിരുദ്ധമായി കൊല്ലപ്പെട്ട അമ്മമാരുടെ കരച്ചിൽ ഞാൻ കേട്ടു.
ജീവിതത്തിന്റെ ശ്വാസം ഊതുന്നു.
എന്റെ എല്ലുകളിലേക്ക്
എന്റെ മാംസത്തിലേക്ക്
എന്റെ ഹൃദയത്തിലേക്ക്
എന്നിലേക്ക്
എന്റെ ഓർമ്മയിലേക്ക്
എന്റെ കാഴ്ചപ്പാടിലേക്ക്
എന്റെ യുദ്ധത്തിലേക്ക്
എന്റെ നിർണ്ണായകരമായ ആഗ്രഹവും പ്രവർത്തനങ്ങളും
വീണ്ടും ജനിക്കുവാൻ, എന്നെ മനുഷ്യനല്ലാതാക്കി തീർക്കുന്ന
ചങ്ങലകൾ പൊട്ടിക്കുവാൻ
ഈ കാറ്റ്.............
എനിക്ക് പുതുജീവൻ നൽകുന്നു, പലർക്കും എല്ലാ സൃഷ്ടികൾക്കും ഈ കാറ്റ് .........
ദൈവത്തിന്റെ ജീവന്റെയും സ്നേഹത്തിന്റെയും ആത്മാവ്.

**<u>നിശബ്ദനിമിഷങ്ങൾ</u>**
**<u>വാക്യ പ്രതിവാക്യ വായന</u>**
**<u>പ്രെസ്ബിറ്റർ</u>**

നമുക്ക് നമ്മുടെ വിലാപങ്ങളെ നൃത്തമാക്കി മാറ്റാൻ സാധിച്ചില്ല.
നമുക്ക് നമ്മുടെ കണ്ണുനീർ ചിരിയാക്കി മാറ്റാൻ കഴിഞ്ഞില്ല.

രാത്രി കഴിഞ്ഞ്, പ്രഭാതത്തെ വരവേൽക്കുവാൻ നമുക്ക് സാധിച്ചില്ല
നമ്മുടെ ശബ്ദത്തെ സന്തോഷത്തിന്റെ ആരവമാക്കി മാറ്റുവാൻ നമുക്ക് സാധിച്ചില്ല.

**ജനം**

ദൈവമെ, വേദനയുടെ മദ്ധ്യത്തിൽ, ഞങ്ങളുടെ നെടുവീർപ്പുകൾ ശ്രദ്ധിച്ച് ഞങ്ങളുടെ നിലവിളി കേൾക്കേണമെ.

ദൈവമെ, ജനങ്ങൾ ഭക്ഷണത്തിനായും, നീതിക്കായും വിശന്നപ്പോൾ നീ അവരുടെ മ ദ്ധ്യത്തിൽ ഉണ്ടായിരുന്നു.

അവരെ നടത്തിയ സാന്നിദ്ധ്യം നീ ആകുന്നു. അവരെ കാവൽ ചെയ്ത മേഘം, അവ രുടെ വഴി പ്രകാശിപ്പിച്ച അഗ്നി നീയാകുന്നു. നിന്റെ ഉറപ്പിനായി കാത്തിരിക്കുന്ന അനേകം പാവങ്ങൾക്കുവേണ്ടി നീ ഇത് തന്നെ ചെയ്യുമോ?

**പ്രെസ്ബിറ്റർ**

ഞങ്ങൾ ഒരു സമൂഹമായി നിങ്കലേക്ക് വരുന്നു. പ്രത്യാശയാൽ ഞങ്ങൾ ബന്ധിക്കപ്പെട്ടി രിക്കുന്നു. സ്നേഹത്താൽ ഞങ്ങൾ ശക്തി പ്രാപിച്ചിരിക്കുന്നു. സമാധാനപരവും സമൃദ്ധ വുമായ ഒരു ഭാവിക്കുവേണ്ടി, ദാരിദ്ര്യത്തിൽ നിന്നും, അടിച്ചമർത്തലിൽ നിന്നും ദുരു പയോഗത്തിൽ നിന്നും ചൂഷണത്തിൽ നിന്നും സുരക്ഷിതമായ ഒരു ഭാവിക്കുവേണ്ടിയു ള്ള പോരാട്ടത്തിൽ ഞങ്ങൾ പങ്കെടുക്കുന്നു.

**ജനം**

അനേകം വിശപ്പും ദാഹവും ഉള്ളവരെ ഞങ്ങൾ ഓർക്കുന്നു-ഭവനമില്ലാത്തവർ, ചികി ത്സക്കായി പണമില്ലാത്ത രോഗികൾ ഇവരെയെല്ലാം ഓർക്കുന്നു. എപ്പോഴും അടിമ കളോടും, കഷ്ടപ്പെടുന്നവരോടും കൂടി കൂട്ടായി നിന്ന അങ്ങയുടെ അടുക്കലേക്ക് ഞങ്ങൾ വരുന്നു.

അവരുടെ കരച്ചിൽ കേട്ട് നീതി നൽകേണമേ, പാവങ്ങളുടെ മേൽ നിന്റെ കൃപ ഉണ്ടായി രിക്കേണമേ. ഇതാണ് ഞങ്ങളുടെ പ്രത്യാശ. ഇതാണ് ഞങ്ങളുടെ പ്രാർത്ഥന. ആമേൻ.

**നിശബ്ദനിമിഷങ്ങൾ**

**സമൂഹപ്രാർത്ഥന**

അടിച്ചമർത്തപ്പെട്ടവരുടെയും, അഭയാർത്ഥികളുടെയും ദൈവമെ, വീടിന്റെയും നെരിപ്പോടിന്റെയും സംരക്ഷണം നഷ്ടപ്പെട്ടവരുടെമേൽ കൃപ ചൊരിയേണമേ.

വാസസ്ഥലം വിട്ടുപോകേണ്ടിവരുന്ന ഭയത്തോടുകൂടി ജീവിക്കുന്നവരെപ്പറ്റി കരുതുവാ ൻ ഞങ്ങളെ ഇടയാക്കേണമേ.

മറ്റുള്ളവരാൽ ചവിട്ടി മെതിക്കപ്പെടുന്നവരോട് കൂടെ നിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണമേ. ലോകം കൈവിട്ടാലും നീ ഒരിക്കലും ഞങ്ങളെ കൈവിടുകയില്ല എന്ന അറിവിന്റെ സുരക്ഷ അവർക്കു നൽകേണമേ.

തങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അറിയാത്തവരോട് ക്ഷമിക്കേണമേ.

ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ. ആമേൻ.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ എങ്ങനെയാണ് സമാധാനം ഉണ്ടാക്കുകയോ, കണ്ടെത്തുകയോ പങ്കിടുകയോ ചെയ്യുന്നത്?

(ചെറിയ ഗ്രൂപ്പായിട്ട് താഴെ പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യുക)

(1) നിങ്ങളുടെ കുടുംബത്തിലോ, സമൂഹത്തിലോ അസമാധാനം ഉണ്ടാകുന്ന സാഹചര്യങ്ങൾ എന്തെല്ലാം?

(2) നിങ്ങൾ ഈ അസമാധാനത്തിന്റെ സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കുന്നു ?

(3) ഇന്നത്തെ നിങ്ങളുടെ സാഹചര്യത്തിൽ ചെറുനാണയ കൂട്ടായ്മയുടെ കാഴ്ചപ്പാടുകളായ നീതി, സമാധാനം, അനുരഞ്ജനം, എന്നിവ ഏത് രീതിയിലാണ് നടപ്പാക്കുന്നത് ?

(4) നിങ്ങളുടെ സഭ അല്ലെങ്കിൽ ഗ്രൂപ്പ് നിങ്ങളുടെ സമൂഹത്തിലോ രാജ്യത്തിലോ സമാധാനം സ്ഥാപിക്കുവാൻ എങ്ങനെയാണ് സഹകരിക്കുന്നത് ?

(5) ക്രിസ്തുവിന്റെ സമാധാനം ലോകത്തിൽ പങ്കിടുന്നതിനായി ഇന്നുമുതൽ നിങ്ങൾ എന്ത് ചെയ്യുവാൻ നിങ്ങളെത്തന്നെ സമർപ്പിക്കുന്നു? (ചെറിയ കടലാസ്സിൽ നിങ്ങളുടെ സമർപ്പണം അല്ലെങ്കിൽ ഏറ്റെടുക്കുന്ന ചുമതല എഴുതി വെയ്ക്കുക. പിന്നീട് അത് സമർപ്പിയ്ക്കാം.)

(മേൽപ്പറഞ്ഞ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ ആരെയെങ്കിലും ക്ഷണിയ്ക്കാവുന്നതാണ്)

**<u>സ്തോത്രകാഴ്ച, അനുഗ്രഹപ്രാർത്ഥന</u>**

**<u>പ്രെസ്ബിറ്റർ</u>**

ഞങ്ങളുടെ സ്തോത്രകാഴ്ച ചെറുനാണയത്തിന്റെ കൂട്ടായ്മയിലൂടെ നീതി, സമാധാനം, ദൈവവുമായുള്ള അനുരഞ്ജനം ഇവയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുവാനുള്ള ഞങ്ങളുടെ സമർപ്പണത്തിന്റെ പ്രത്യക്ഷമായ അടയാളമാണ്. ഈ സമയത്ത് നിങ്ങൾ മദ്ബഹായിൽ വന്ന് നിങ്ങളുടെ ചെറുനാണയം സമർപ്പിയ്ക്കുന്നതിന്റെ കൂടെ നിങ്ങൾ കടലാസ്സിൽ എഴുതിവെച്ച നിങ്ങളുടെ സമർപ്പണം (പ്രതിബന്ധത, ചുമതല) നൽകാവുന്നതാണ്.

**<u>ചെറുനാണയ കൂട്ടായ്മയുടെ പ്രാർത്ഥന</u>**

സ്നേഹവാനായ സൃഷ്ടാവെ, ജീവിതത്തിലെ അനവധി ദാനങ്ങൾക്കായി നിന്റെ ദൈവിക സാന്നിദ്ധ്യത്തിൽ ഞങ്ങളെത്തന്നെ സമർപ്പിയ്ക്കുന്നു. ലോകമെമ്പാടും സ്നേഹത്താലും ക്ഷമയാലും ഞങ്ങളെ ഒരുമിച്ചു ചേർക്കുന്ന ചെറുനാണയകൂട്ടായ്മയ്ക്കായി ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു. എല്ലാ സംശയങ്ങളിൽ നിന്നും മുൻവിധികളിൽ നിന്നും ഞ ങ്ങളെ സ്വാതന്ത്രരാക്കേണമേ. കൊടുക്കുന്നതിന്റെയും ലഭിയ്ക്കുന്നതിന്റെയും സ ന്തോഷം അറിയുവാനായി മനുഷ്യ സമൂഹത്തോടുകൂടി ഐക്യത്തോടെ ജീവിക്കുവാൻ ഞങ്ങൾക്ക് പ്രചോദനം നൽകേണമേ.

സ്നേഹവാനായ ദൈവമെ, ഞങ്ങളുടെ സ്നേഹത്തിന്റെ അടയാളമായ ഞങ്ങളുടെ ചെറുനാണയം സ്വീകരിക്കേണമേ. ഈ നാണയങ്ങളുടെ അത്ഭുതങ്ങൾ ഞങ്ങൾക്ക് മന സ്സിലാക്കി തരേണമേ. നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ജീവിതത്താലും ഉയർപ്പി നാലും കാണിച്ചുതന്ന സ്നേഹത്താൽ നിന്റെ സകല സൃഷ്ടികളെയും ആദരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

**<u>പ്രാർത്ഥനാഗീതം</u>**

ദാനദാതാവേ സ്തു തി ക്കാം

സർവ്വ സൃഷ്ടിയും പാ ട ട്ടെ

വനിലുള്ളോരും വാഴ് ത്ത ട്ടെ

താത സുതാത്മാനു സ്തോത്രം

**<u>മദ്ധ്യസ്ഥ പ്രാർത്ഥന</u>**

(ജനങ്ങളിൽ നിന്നും പ്രാർത്ഥന വിഷയങ്ങൾ സ്വീകരിക്കുക. മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്യുവാനായി ആരെയെങ്കിലും ക്ഷണിക്കാം.)

**<u>സമൂഹപ്രാർത്ഥന</u>**

(പോപ്പ് ഫ്രാൻസിസ് ലോക സമാധാന ദിവസം 2016 ൽ പറഞ്ഞ ദൂതിനെ ആസ്പദമാക്കി യുള്ളത്)

കർത്താവെ, പലപ്പോഴും ഞങ്ങൾ ലോകത്തിന്റെ വളരെ വലുതും, വളരെ അകലത്തിലു ള്ളതുമായ വിവിധ പ്രശ്നങ്ങളിൽ നിന്നും മുഖം തിരിച്ചു കളയുന്നു.

ഞങ്ങളുടെ നിസ്സംഗതയെ ക്ഷമിക്കേണമേ.

ഞങ്ങളുടെ ചുറ്റുമുള്ള കാര്യങ്ങൾ മാത്രം ഞങ്ങളുടെ ജീവിതം, ഞങ്ങളുടെ ഭവനം കാ ണുവാൻ എളുപ്പമാകുന്നു.

ഞങ്ങളുടെ വെല്ലുവിളികൾ ഇവ മാത്രം ഞങ്ങൾ ശ്രദ്ധിക്കുന്നു.

ഞങ്ങളുടെ ഈ അനാസ്ഥ, താത്പര്യക്കുറവ് ഞങ്ങളോട് ക്ഷമിക്കേണമേ.

നിന്റെ കണ്ണുകളാൽ ഓരോരുത്തരെയും ശ്രദ്ധിക്കുവാനും മനസ്സിലാക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന്, സംസാരിച്ച് വിവിധതരത്തിലുള്ള ആളുകളുമായി സൃഷ്ടിപരമായി സഹകരിച്ച് പ്രവർത്തിക്കുവാനുള്ള നിന്റെ സ്വപ്നം ഞങ്ങളുടേയും സ്വപ്നമാക്കി തീർക്കേണമേ.

പ്രാർത്ഥന, സമാഗമം, വിവേകം ഇവയാൽ ഐക്യത്തോടെ പ്രവർത്തിച്ച് അങ്ങനെ സമാധാനം ഒരു യാഥാർത്ഥ്യം ആകുവാൻ ഇടയാക്കിതീർക്കേണമേ. ആമേൻ.

## Closing Hymn
## (Momento Nuevo - (New Moment), Play from You Tube)

**ആശീർവ്വാദം**

എളുപ്പമായ മറുപടികൾ, അർദ്ധസത്യങ്ങൾ, ആഴമില്ലാത്ത ബന്ധങ്ങൾ ഇവയെക്കുറിച്ച് അസ്വസ്ഥത അനുഭവപ്പെട്ട് സത്യത്തെ മുറുകെ പിടിക്കുകയും ഹൃദയം സ്നേഹത്താൽ നിറയുകയും ചെയ്യുവാൻ ദൈവം നിങ്ങളെ അനുഗ്രഹിയ്ക്കട്ടെ.

എല്ലാ ജനങ്ങൾക്കും നീതി, സ്വാതന്ത്ര്യം, സമാധാനം ഇവ ലഭിക്കുവാനായി അക്ഷീണം പ്രവർത്തിക്കുവാൻ തക്കവണ്ണം അനീതി, അടിച്ചമർത്തൽ, ചൂഷണം ഇവയ്ക്കെതിരെ നിർമ്മലമായ കോപത്താൽ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

വേദന, തിരസ്കരണം, പട്ടിണി, വിലപ്പെട്ട പലതും നഷ്ടമാകുക എന്നിവയാൽ കഷ്ടപ്പെടുന്നവരോടുകൂടി ദു:ഖം പങ്കിടുവാനും അവരിലേക്ക് സഹായഹസ്തങ്ങൾ നീട്ടി അവർക്ക് സ്വാന്തനം നൽകി അവരുടെ വേദന ആനന്ദമായി മാറ്റുവാനും ദൈവം നിങ്ങൾക്ക് കണ്ണുനീർ ദാനമായി നൽകി നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങൾക്ക് ലോകത്തിൽ ഒരു മാറ്റം കൊണ്ടുവരുവാൻ സാധിക്കും എന്ന് വിശ്വസിക്കുവാനുള്ള അവിവേകം ലഭിച്ച് മറ്റുള്ളവർക്ക് അസാധ്യമെന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യുവാൻ സാധിക്കത്തക്കവണ്ണം ആവശ്യമായ കൃപ നൽകി ദൈവം നിങ്ങളെ അനുഗ്രഹിയ്ക്കട്ടെ.

സർവ്വശക്തനും നമ്മുടെ സൃഷ്ടാവുമായ ദൈവത്തിന്റെയും, നമ്മുടെ സഹോദരനും, രക്ഷിതാവും, മനുഷ്യരൂപം ധരിച്ച യേശുക്രിസ്തുവിന്റെയും, നമ്മുടെ വക്താവും, വഴികാട്ടിയുമായ പരിശുദ്ധാത്മാവിന്റെയും അനുഗ്രഹം ഇന്നും എന്നേയ്ക്കും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ആമേൻ.

**നമ്മുടെ എഫ് എൽ സി കഥ**

'ചെറുനാണയകൂട്ടായ്മ' എന്ന ആശയം 1956-ൽ പ്രാവർത്തികമാക്കിയത് ശാന്തി സോളമൻ എന്നു പേരുള്ള ഇന്ത്യക്കാരിയായ ഒരു ക്രിസ്തീയ വനിതയാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്നുമുള്ള പ്രസ്ബിറ്റേറിയൻ വനിതകളുടെ കൂട്ടായ്മയിൽ ഒരംഗമാ

യിരുന്നു ശാന്തി. രണ്ടാം ലോകമഹായുദ്ധകാലത്ത് അനീതിക്ക് വിധേയരായ സ്ത്രീകളെ കാണുവാനും അവരുടെ കദനകഥകൾ കേൾക്കുവാനുമായി ഈ സംഘം ഏഷ്യ മുഴുവൻ സഞ്ചരിച്ചു.

ശാന്തിയും കൂട്ടരും ജപ്പാനിലെത്തിയപ്പോൾ അവരെ സ്വീകരിക്കുവാനായി മൂന്നു ജപ്പാൻക്കാരി സ്ത്രീകൾ വിമാനത്താവളത്തിൽ എത്തിയിരുന്നു. ശാന്തിക്കും, മറ്റു ചിലർക്കും അവർ പൂമാലകൾ കൊണ്ടുവന്നിരുന്നു, പക്ഷെ അമേരിക്കയിൽ നിന്നുള്ള വർക്ക് അവർ മാലകൾ എടുത്തിരുന്നില്ല. അവർ പറഞ്ഞു, ‘‘ജനറൽ മാർക്ക് ആർത റിൽ നിന്നും ഞങ്ങൾ വളരെ കഷ്ടപ്പാടുകൾ സഹിച്ചു. അതുകൊണ്ട് ഈ സംഘത്തി ലുള്ള അമേരിക്കൻ വനിതകളെ ഞങ്ങൾ സ്വാഗതം ചെയ്യുകയില്ല.’’ ആ യാത്രയിൽ ജപ്പാനിലുടനീളം സംഭവിച്ച നശീകരണം നേരിൽ കാണുവാനും അറിയുവാനും ശാന്തിക്കു സാധിച്ചു. ഹിരോഷിമയിൽ 1945–ൽ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ മിലിറ്ററി, അണുബോംബ് ഇട്ടപ്പോൾ 80,000 പേർ തൽക്ഷണം കൊല്ലപ്പെടുകയും പിന്നീട് അനേ കായിരങ്ങൾ റേഡിയേഷൻ മൂലം കൊല്ലപ്പെടുകയും ചെയ്തു.

പിന്നീട് ശാന്തിയും സംഘവും ഫിലിപ്പീൻസിലേക്ക് യാത്രയായി. പള്ളി പുതുക്കിപ ണിയുവാനായി ആഭരണങ്ങൾ വിൽക്കുന്ന ഫിലിപ്പീൻ വനിതകളെ അവിടെ കാണുവാ നിടയായി. ജപ്പാൻക്കാർ ഫിലിപ്പീൻസ് പിടിച്ചെടുത്തപ്പോൾ അവരുടെ പള്ളി നശി പ്പിച്ച് തരിപ്പണമാക്കി മാറ്റിയിരുന്നു. ജപ്പാനിൽ നിന്നുള്ള ഒരു മിഷ്യൻ സംഘത്തെ അനുരജ്ഞനത്തിനായി സ്വീകരിക്കാമോ എന്ന് ശാന്തി അവരോടു ചോദിച്ചു. ‘‘ഞങ്ങ ളുടെ ജീവിതകാലത്ത് പറ്റില്ല’’ എന്നായിരുന്നു അവരുടെ മറുപടി.

അവരുടെ സംഘം സൗത്ത് കൊറിയയിലേക്കു പോയപ്പോൾ വിസ ലഭിക്കാത്തതി നാൽ ശാന്തി ഫിലിപ്പീൻസിൽ തന്നെ താമസിച്ചു. ആ നാളുകളിൽ ഇന്ത്യയും സൗത്ത് കൊറിയയും തമ്മിൽ നല്ല ബന്ധം ആയിരുന്നില്ല. കൊറിയൻ യുദ്ധം കഴിഞ്ഞപ്പോൾ അന്ന് ഇന്ത്യൻ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റുവിനെ നോർത്ത് കൊറി യയും, സൗത്ത് കൊറിയയും തമ്മിലുള്ള അതിർത്തിതർക്കം പരിഹരിക്കുവാനുള്ള ലോകനേതാവായി യുണൈറ്റഡ് നേഷൻസ് തെരഞ്ഞെടുത്തിരുന്നു. നെഹ്റു ആ ദൗത്യം വിജയകരമായി നിർവ്വഹിച്ചു. പക്ഷെ, മിക്ക കൊറിയക്കാർക്കും അവരുടെ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടത് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടാണ് ഇന്ത്യൻ വംശജ യായ ശാന്തിക്ക് വിസ അവർ നിഷേധിച്ചത്.

ഈ അതിർത്തി തർക്കത്തിന്റെയും വിദ്വേഷത്തിന്റെയും വെറുപ്പിന്റെയുമൊക്കെ കഥ കൾ കേട്ട് ശാന്തി, സമാധാനത്തിനായും നീതിന്യായത്തിനായും രാജ്യങ്ങളും മനുഷ്യ നുമായുള്ള അനുരഞ്ജനത്തിനായും പ്രാർത്ഥിച്ചു. ഓരോ ക്രിസ്തീയ വനിതയും ഈ പ്രശ്നങ്ങൾക്കായി പ്രാർത്ഥിച്ചാൽ ലോകമെമ്പാടുമുള്ള ജനങ്ങളിലേക്കും സ്ഥല ങ്ങളിലേക്കും സമാധാനം, നീതി, അനുരഞ്ജനം ഇവയുടെ ഓളങ്ങൾ ഒഴുക്കിവിടാൻ സാധിക്കുമെന്ന് ശാന്തി വിശ്വസിച്ചു.

മറ്റുള്ള ഏതെങ്കിലും ഒരു വ്യക്തിയുമായി സംഘർഷം ഉണ്ടായാൽ അതു നീങ്ങാനായി പ്രാർത്ഥിക്കുമെന്ന് ശാന്തിയും കൂട്ടരും പ്രതിജ്ഞ എടുത്തു. അവരെ ഉപദ്രവിക്കുന്ന വർക്കു വേണ്ടിയും അവർക്കുവേണ്ടിതന്നെയും കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കൃപയും, ശക്തിയും ലഭിക്കുവാനും, ക്ഷമിക്കുവാനും അവർ പ്രാർത്ഥിച്ചു തുടങ്ങി. എല്ലാറ്റിനുമുപരിയായി, ലോകം മുഴുവനും സമാധാനം, നീതി, അനുരഞ്ജനം ഇവ ഉണ്ടാകുവാനായി അവർ പ്രാർത്ഥിക്കുമെന്നും പ്രതിജ്ഞ എടുത്തു.

ഓരോ പ്രാർത്ഥനയുടെയും അടയാളമായി അവരവരുടെ നാട്ടിലെ ഏറ്റവും ചെറിയ നാണയം മാറ്റിവെക്കുവാൻ തീരുമാനിച്ചു. ഏതു സാമൂഹിക, സാമ്പത്തിക സ്ഥിതിയി ലുള്ളവർക്കും സന്തോഷത്തോടെ ഈ സമാധാനപാലന പരിപാടിയിൽ പങ്കെടുക്കത്ത ക്കവണ്ണമാണ് ഏറ്റവും ചെറിയ നാണയം തെരഞ്ഞെടുത്തത്.

ഏഷ്യയിലെയും യുണൈറ്റഡ് സ്റ്റേറ്റ്സിലെ പ്രസ്ബിറ്റേറിയൻ ചർച്ചിലെ വനിതക ളെയും ഒരുമിപ്പിച്ച് ശാന്തി നീതി, സമാധാനം, അനുരഞ്ജനം എന്നിവക്കായുള്ള സംരംഭം ആരംഭിച്ചു. അവരുടെ സംഘം ശാന്തിയുടെ വെല്ലുവിളി സ്വീകരിച്ചു. അങ്ങ നെയാണ് ചെറുനാണയകൂട്ടായ്മ ആരംഭിച്ചത്.